**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5404** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിൽ നിലവിൽ കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാണ്.** |
| (ബി) | പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വളർത്തുമൃഗങ്ങളുടെ പരിപാലനത്തിന് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് (കെയർ ഹോം) പദ്ധതി ആവിഷ്ക്കരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | 15/09/2022 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2244/2022/LSGD നമ്പർ പ്രകാരം തെരുവുനായകൾക്കും ഉപേക്ഷിയ്ക്കപ്പെട്ട വളർത്തു നായകൾക്കും അഭയകേന്ദ്രങ്ങൾ സ്ഥാപിയ്ക്കുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാര പരിധിയിലാണ് വരുന്നത്. വളർത്തുമൃഗങ്ങളുടെ പരിപാലനത്തിന് ഷെൽട്ടറുകൾ നിർമ്മിയ്ക്കുന്നത് സംബന്ധിച്ച് ഉത്തരവുകളൊന്നും നിലവിലില്ല. |
| (സി) | ജില്ലയിൽ പുതുതായി വെറ്ററിനറി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭ്യമാവുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ